**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ദുരിതാശ്വാസ പ്രവർത്തനങ്ങൾ -- ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. **1510/**2016/തസ്വഭവ തിരുവനന്തപുരം, തീയതി, 22.04.2016

പരാമർശം:- 1. സ.ഉ. (സാധാ)285/2016/ഡിഎംഡി തീയതി 26.03.2016.
2. സ.ഉ. (സാധാ)298/2016/ഡബ്ലിയു.ആർ.ഡി തീയതി 28.03.2016.
3. സ.ഉ. (സാധാ)1466/2016/തസ്വഭവ തീയതി 16.04.2016

**ഉത്തരവ്**

മേൽപരാമർശം (1)ലെ സർക്കാർ ഉത്തരവുപ്രകാരം 2016 ലെ വേനൽക്കാലത്ത് സംസ്ഥാനത്ത് അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പരാമർശം (2) പ്രകാരം ഇതേ ആവശ്യത്തിന് കേരള വാട്ടർ അതോറിറ്റിക്ക് ഫണ്ട് അനുവദിച്ചും, മാർഗ്ഗനിർദ്ദേശം നൽകിയും സർക്കാർ ഉത്തരവു പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവുകളുടെ തുടർച്ചയായി പരാമർശം (3) ഉത്തരവുപ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട് പുനർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

2) സംസ്ഥാനത്ത് പൂർണ്ണമായോ ഭാഗികമായോ വരൾച്ച പ്രഖ്യാപിക്കുന്നതു സംബന്ധിച്ച് നിലവിലുള്ള മാർഗ്ഗരേഖകളിൽ ഇളവ് അനുവദിച്ച് കൊണ്ട് ജലവിതരണത്തിനും അടിയന്തിര അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി ഗ്രാമപഞ്ചായത്തുകളുടെ പ്ലാൻ/തനത് ഫണ്ടിൽ നിന്നും പത്ത് ലക്ഷം രൂപ വരെയും മുനിസിപ്പാലിറ്റികളുടെ പ്ലാൻ/തനത് ഫണ്ടിൽ നിന്നും പതിനഞ്ച് ലക്ഷം രൂപവരെയും കോർപ്പറേഷനുകളുടെ പ്ലാൻ/തനത് ഫണ്ടിൽ നിന്നും ഇരുപത്തി അഞ്ച് ലക്ഷം രൂപവരെയും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ചുവടെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി വിനിയോഗിക്കേണ്ടതാണ്.

**3) ഗ്രാമപഞ്ചായത്തുകളും, നഗരസഭകളും, മുനിസിപ്പൽ കോർപ്പറേഷനുകളും മേൽ നിശ്ചയിച്ചിട്ടുള്ള പരമാവധി തുക അധികരിക്കുന്ന രീതിയിലുള്ള വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ യാതൊരു കാരണവശാലും ഏറ്റെടുക്കാൻ പാടില്ലാത്തതാണ്.**

4) കേരള നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ മാതൃകാ പെരുമാറ്റച്ചട്ടം നിലനിൽക്കുന്ന സാഹചര്യത്തിൽ കുടിവെള്ള വിതരണം നടത്തുന്നതിന് ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചിരിക്കേണ്ടതാണ്.

1) കുടിവെള്ള വിതരണ പ്രവർത്തനവുമായി ബന്ധപ്പെട്ട നേട്ടം അവകാശപ്പെട്ട് ഇലക്ട്രോണിക്/ അച്ചടി/ റേഡിയോ/ ഇന്റർനെറ്റ് തുടങ്ങിയവയിലൂടെ യാതൊരുവിധ പ്രചാരണ പ്രവർത്തനങ്ങളും പാടുള്ളതല്ല.
2) പൊതുയോഗങ്ങളിൽ പ്രസംഗിക്കുമ്പോഴോ പൊതുജനങ്ങളോടോ മാധ്യമങ്ങളോടോ സംസാരിക്കുന്ന അവസരങ്ങളിലോ രാഷ്ട്രീയനേതാക്കൾ പ്രസ്തുത പ്രവൃത്തിയെ പരാമർശിക്കാൻ പാടുള്ളതല്ല.
3) മേൽകുടിവെള്ള വിതരണപദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾ, സംസ്ഥാനമന്ത്രിമാർ തുടങ്ങിയവർ ഉൾപ്പെടെയുള്ള യാതൊരു രാഷ്ട്രീയ പ്രവർത്തകരോ രാഷ്ട്രീയപാർട്ടികളോ ഇടപെടാൻ പാടുള്ളതല്ല.
4) കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മിഷൻ പുറപ്പെടുവിച്ച മാതൃകാപെരുമാറ്റ ചട്ടത്തിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ കൃത്യമായും പാലിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

പി.ഐ. ഷേക്ക് പരീത്,
ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (പകർപ്പ് എല്ലാ പഞ്ചായത്തുകൾക്കും നൽകേണ്ടതാണ്)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (പകർപ്പ് എല്ലാ നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും നൽകേണ്ടതാണ്)
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (ഈ ഉത്തരവിനനുസൃതമായ മാറ്റങ്ങൾ ''സാംഖ്യ''യിൽ വരുത്തുന്നതിനും, വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുമായി)
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / എൽ.ബി.എ &എ), കേരള, തിരുവനന്തപുരം.
ജലവിഭവ വകുപ്പ് /ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് റവന്യൂ വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്
ധനകാര്യ വകുപ്പ്

സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.
സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Liya

സെക്ഷൻ ഓഫീസർ.